പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 586 8/07/2013- ൽ മറുപടിക്ക്

## ഗോസുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. ഷാഫി പറമ്പിൽ:<br>ശ്രീ. സി. പി. മുഹമ്മദ്: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗോസുരക്ഷാ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്ത് ക്ഷീര കർഷകരുടെ കറവപ്പശുക്കളെ 50% സബ്സിഡി നിരക്കിൽ പ്രീമിയം ഈടാക്കി ഇൻഷ്വർ ചെയ്യുന്നതാണ് ഈ പദ്ധതി. നിലവിലുള്ള ഇൻഷ്വറൻസ് പ്രീമിയം ഒരു വർഷത്തേക്ക് ഉരുവിന്റെ വിലയുടെ 3.04%, 3 വർഷത്തേക്ക് 6.90% എന്ന നിരക്കിലാണ് ഈടാക്കുന്നത്. കേന്ദ്ര സർക്കാർ ധനസഹായത്തോടു കൂടി 11 ജില്ലകളിലും സംസ്ഥാന സർക്കാർ ധനസഹായത്തോടെ 3 ജില്ലകളിലും കെ.എൽ.ഡി.ബോർഡും, മൃഗസംരക്ഷണ വകുപ്പും സംയുക്തമായി ഗോസുരക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>നിലവിൽ യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയാണ് എല്ലാ ജില്ലയിലും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നത്. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) കന്നുകാലികൾക്ക് മരണമോ, മറ്റ് അപകടങ്ങളോ രോഗങ്ങളോ മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന്, സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.പശുക്കൾക്ക് മരണം സംഭവിക്കുകയാണെങ്കിൽ ഇൻഷ്വറൻസിന്റെ മുഴുവൻ തുകയും, ഉല്പാദന ക്ഷമത സ്ഥിരമായി നഷ്ടപ്പെടുകയാണെങ്കിൽ 75% തുകയും നഷ്ടപരിഹാരമായി നൽകും. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനി (യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി) |

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) ഈ സാമ്പത്തിക വർഷത്തെ പദ്ധതി നടത്തിപ്പിനായി ഇൻഷ്വറൻസ് കമ്പനിയെ തെരെഞ്ഞെടുക്കുവാൻ, കഴിഞ്ഞ വർഷം അവസാനം ടെൻഡർ വിളിക്കുകയും ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് വാഗ്ദാനം ചെയ്ത യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയെ വർക്ക് ഏൽപ്പിക്കുകയും ചെയ്തു.

പദ്ധതിയുടെ പരസ്യത്തിനും, ബോധവൽക്കരണത്തിനുമായി പോസ്റ്ററുകൾ അച്ചടിച്ച് വകുപ്പിന്റെ സ്ഥാപനങ്ങളിലും പാൽ സൊസൈറ്റികളിലും വിതരണം ചെയ്തു.

വെറ്ററിനറി ഡോക്ടർമാർക്കുള്ള ടാഗ്ഗിംഗ് ഫീസും പോസ്റ്റ്മോർട്ടം ഫീസും പദ്ധതിയിനത്തിൽ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

ns